**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **27-01-2026 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2005 ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ ഇന്ത്യയുടെ സാമൂഹിക, സാമ്പത്തിക ഘടനയിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തൊഴിലുറപ്പ് നിയമം, 2005 പ്രകാരം തൊഴിൽ ആവശ്യപ്പെടുന്ന ഏതൊരു കുടുംബത്തിനും 100 തൊഴിൽ ദിനങ്ങൾ അവകാശാധിഷ്ഠിതമായി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയിലെ വനിതകളുടെ പങ്കാളിത്തം സ്ത്രീശാക്തീകരണത്തിനും സ്ത്രീകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും സഹായകമായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റായി പ്രവർത്തിച്ച പലരും പിന്നീട് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുകയും ജനപ്രതിനിധികൾ ആകുകയും ചെയ്തത് സ്ത്രീകളുടെ സാമൂഹിക മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞതിന്റെ തെളിവാണ്. പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ ആവാസമേഖലയിൽ തന്നെ തൊഴിൽ നൽകുക വഴി അവരുടെ സാമൂഹിക ഉന്നമനത്തിന് വഴി ഒരുക്കാനും കഴിഞ്ഞിട്ടുണ്ട്. കോവിഡ് മഹാമാരി ഉൾപ്പെടെ ഉണ്ടാക്കിയ തൊഴിൽ നഷ്ടം പരിഹരിച്ച് ഉപജീവനം ഒരുക്കുന്നതിൽ തൊഴിലുറപ്പ് പദ്ധതിയ്ക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ ജനതക്ക് വരുമാനം ഉറപ്പാക്കുന്നതിലൂടെ കുടുംബങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിക്കുകയും കടബാധ്യതകളിൽ നിന്ന് മോചനത്തിന് സഹായിക്കുകയും ചെയ്തു. ദാരിദ്ര്യ നിർമ്മാർജനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പദ്ധതിക്ക് സാധിച്ചു. ഗ്രാമങ്ങളിൽ നിന്നു നഗരങ്ങളിലേക്കുള്ള കുടിയേറ്റം കുറക്കുന്നതിനും ഇത് സഹായിച്ചു. ജലസംരക്ഷണം, തരിശു ഭൂമി കൃഷി, ഗ്രാമീണ റോഡുകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളിലൂടെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരമായ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതി വലിയ സംഭാവനകൾ നൽകി. ഇതിലൂടെയെല്ലാം ഗ്രാമീണ മേഖലയുടെ സാമ്പത്തികവും സാമൂഹികവുമായ |

| | | | |
|---|---|---|---|
| | | | ഘടനയിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കഴിഞ്ഞു. |
| (ബി) | കേന്ദ്ര സർക്കാർ വികസിത് ഭാരത്- ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ) എന്ന പുതിയ പേരിൽ തൊഴിലുറപ്പ് പദ്ധതി പുനഃസംഘടിപ്പിക്കുന്നതിന്റെ രാഷ്ട്രീയപരവും സാമ്പത്തികപരവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പുതിയ പദ്ധതി വരുമ്പോഴുള്ള സാമ്പത്തിക പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം 5 കോടി തൊഴിൽ ദിനങ്ങൾ ആണ് കേന്ദ്രം ആദ്യ ഘട്ടത്തിൽ അനുവദിച്ചത്. സാധാരണയായി ഒരു സാമ്പത്തിക വർഷം സംസ്ഥാനത്ത് 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാറുണ്ട്. കൂടുതൽ സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ തുക കേന്ദ്രം അനുവദിച്ചിരുന്നു. എന്നാൽ പുതിയ നിയമത്തിൽ കേന്ദ്രം അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് (normative allocation) ഉപരിയായി സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണമായുള്ള സാമ്പത്തിക ബാധ്യത സംസ്ഥാനങ്ങൾക്ക് ഉണ്ടാകും. കൂടാതെ പദ്ധതി ചെലവിന്റെ അനുപാതം പുതിയ നിയമത്തിൽ 60:40 എന്നാക്കി മാറ്റിയിട്ടുണ്ട്. ഇപ്രകാരം പരിശോധിക്കുമ്പോൾ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തിന് 2806 കോടി രൂപ വരെ അധിക ബാധ്യത ഉണ്ടാകുന്നതാണ്. തൊഴിൽ ദിനങ്ങൾ 125 ആയി ഉയർത്തിയെന്നവകാശപ്പെടുന്ന സാഹചര്യത്തിൽ അതനുസരിച്ച് 12 കോടി തൊഴിൽ ദിനങ്ങൾ നൽകേണ്ടി വരികയാണെങ്കിൽ (5 കോടിക്ക് മുകളിൽ വരുന്നതിന്റെ 100% ബാധ്യത ഉൾപ്പെടെ) 3544 കോടി രൂപയുടെയും അധിക ബാധ്യത സംസ്ഥാനത്തിനുണ്ടാകും. കൃത്യ സമയത്ത് തൊഴിൽ നൽകാനായില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും കൂലി നൽകാനായില്ലെങ്കിൽ ആയതിന്റെ നഷ്ടപരിഹാരവും പൂർണ്ണമായും സംസ്ഥാനം വഹിക്കണം. |
| (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ദുർബ്ബലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര സർക്കാർ തുടർച്ചയായി നടത്തിവരികയായിരുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ധ വേതനത്തിന്റെ 100% കേന്ദ്ര വിഹിതം ആണ്. എന്നാൽ ഇത് തൊഴിലാളികൾക്ക് സമയബന്ധിതമായി നൽകുന്നതിനു പലപ്പോഴും വളരെയേറെ കാലതാമസം ഉണ്ടാകാറുണ്ട്. ഈ വർഷം അവിദഗ്ധ വേതന ഇനത്തിൽ 652.06 കോടി രൂപ കുടിശ്ശിക ആണ്. കൂടാതെ ഒക്ടോബർ മാസം 28 മുതൽ തൊഴിലാളികൾക്ക് വേതനം മുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി സംസ്ഥാനത്തിന് അനുവദിക്കുന്ന തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായിട്ടുണ്ട്. 2022-23, 2023-24, 2024-25 വർഷങ്ങളിൽ തുടക്കത്തിൽ അനുവദിച്ചിരുന്ന 6 കോടി തൊഴിൽ ദിനങ്ങൾ 2025-26-ൽ 5 കോടിയായി കുറച്ചു. നിലവിലെ നിയമ പ്രകാരം തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| | | | പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയായതിനാലും തുക തരാൻ കേന്ദ്രം ബാധ്യസ്ഥമായതിനാലും ഈ വർഷം അത് 9 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ പദ്ധതിയിൽ കൊണ്ടുവന്നിട്ടുള്ള ചില മാറ്റങ്ങളും അതിലെ പോരായ്മകളും പദ്ധതിയെ തൊഴിലാളികൾക്കിടയിൽ അനാകർഷകമാക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. |
| (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന എല്ലാ പ്രവൃത്തികളും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താമോ; വിശദമാക്കാമോ? | (ഡി) | നഗര മേഖലയിൽ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് ആദ്യമായി നടപ്പിലാക്കുകയും പ്രസ്തുത തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി ഇന്ത്യയിൽ ആദ്യമായി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി രൂപപ്പെടുത്തുകയും ചെയ്ത സംസ്ഥാനമാണ് കേരളം.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ കൂടി ഉൾക്കൊള്ളിച്ച് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ